# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

## വിജ്ഞാപനം

നമ്പർ. 97/ആർ1/2023/കെ.ഡി.ആർ.ബി

തിരുവനന്തപുരം
തീയതി : **11.10.2023**

വിജ്ഞാപന തീയതി **11.10.2023**

അവസാന തീയതി **09.11.2023**

ഗുരുവായൂർ ദേവസ്വത്തിൽ **ഫിസിഷ്യൻ** തസ്തികയിൽ നിലവിലുള്ള **ഒരു** (1) ഒഴിവിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് ദൈവത്തിലും ക്ഷേത്രാചാരങ്ങളിലും വിശ്വാസമുള്ള നിശ്ചിതയോഗ്യതയുള്ള **ഹിന്ദു മതത്തിൽപ്പെട്ട** ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.inലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഇതിനോടകം രജിസ്ട്രേഷൻ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

| | | |
|---|---|---|
| 1 | കാറ്റഗറി നമ്പരും വർഷവും | **12/2023** |
| 2 | തസ്തികയുടെ പേര് | **ഫിസിഷ്യൻ ( ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്റർ )** |
| 3 | ദേവസ്വം ബോർഡിന്റെ പേര് | **ഗുരുവായൂർ ദേവസ്വം** |
| 4 | ശമ്പള സ്കെയിൽ | **രൂപ 68700 – 110400 ( PR )** |
| 5 | യോഗ്യതകൾ | 1. എം.ബി.ബി.എസ്<br>2. ജനറൽ മെഡിസിനിൽ എം.ഡി അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>3. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ നിലവിലുള്ള സ്ഥിരം രജിസ്ട്രേഷൻ |
| 6 | ഒഴിവുകളുടെ എണ്ണം | 1 ( ഒന്ന് )<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്.<br>ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ എഴുതി അറിയിക്കുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |

| | | |
|---|---|---|
| 7 | നിയമനരീതി | നേരിട്ടുള്ള നിയമനം |
| 8 | പ്രായ പരിധി | **25 – 40 ഉദ്യോഗാർത്ഥികൾ 01.01.1998നും 02.01.1983നും ഇടയിൽ** ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)<br>(പട്ടികജാതി/പട്ടികവർഗക്കാർക്കും മറ്റ് പിന്നോക്ക സമുദായങ്ങളിൽ പെട്ടവർക്കും നിയമാനുസൃത വയസ്സിളവ് ലഭിക്കുന്നതാണ് (**വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക**)) |
| 9 | പരീക്ഷാഫീസ്<br>തുകയും അടയ്ക്കേണ്ട രീതിയും | രൂപ 1000/- ( ആയിരം രൂപ മാത്രം)<br>SC/ ST - 750/- ( എഴുന്നൂറ്റി അൻപത് രൂപ മാത്രം )<br>(കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലിലെ പേയ്മെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്) |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50(അമ്പത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗുരുവായൂർ ദേവസ്വത്തിൽ താത്കാലികമായി/ ദിവസവേതനാടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ള പക്ഷം അവർ പ്രസ്തുത നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരാണെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധി ഇളവ് ലഭിക്കുന്നതാണ്.<br>2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ വരാൻ യോഗ്യത നേടുന്ന (കട്ട് ഓഫ് മാർക്കും അതിനു മുകളിലും മാർക്ക് ലഭിച്ചിട്ടുള്ള) ഗുരുവായൂർ ദേവസ്വത്തിൽ താത്കാലികമായി/ ദിവസവേതനാടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താത്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ഓരോ മൂന്നു വർഷത്തിനും ഒരു മാർക്ക് എന്ന കണക്കിൽ പരമാവധി 5 മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br>3. എഴുത്തുപരീക്ഷ ഇല്ലാതെ അഭിമുഖത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്ന ഗുരുവായൂർ ദേവസ്വത്തിൽ താത്കാലികമായി/ ദിവസവേതനാടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താത്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ആദ്യത്തെ മൂന്ന് വർഷത്തിന് അര(1/2) മാർക്കും തുടർന്നുള്ള ഓരോ വർഷത്തിനും 0.16 മാർക്കും എന്ന കണക്കിൽ പരമാവധി രണ്ടര(2 1/2) മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്. |

മുകളിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന താത്കാലിക/ ദിവസവേതന ജീവനക്കാർ അവർ **സർവ്വീസിൽ പ്രവേശിച്ച തീയതി, ജോലി ചെയ്യുന്ന തസ്തിക, ശമ്പളം, സർവ്വീസിന്റെ ദൈർഘ്യം, ജോലിയുടെ സ്വഭാവം തുടങ്ങിയവ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്ററിൽ കുറയാത്ത റാങ്കുള്ള അധികാരിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.** താത്കാലിക ജീവനക്കാർ അവരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിലും രേഖപ്പെടുത്തേണ്ടത് ആണ്.

4. ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്കും (Economically Weaker Sections of Hindu Unreserved Communities) 10% സംവരണം നൽകുന്നതാണ്. 18.11.2019 ലെ G.O(P)No.79/2019/RD പ്രകാരം ഇതിനർഹരായിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് അപേക്ഷയിൽ അവകാശപ്പെടുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ തങ്ങൾ ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണെന്ന് വില്ലേജ് ഓഫീസറിൽ നിന്നും 18.11.2019–ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 79/2019/റ:ദേ നമ്പർ പ്രകാരമുള്ള EWS സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. ഇപ്രകാരം ചെയ്യാത്തവർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതല്ല.

**ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾ ആരാണെന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.**

1) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ കേന്ദ്ര / സംസ്ഥാന സർക്കാരിലേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലെയോ, സഹകരണ മേഖലയിലെയോ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായമോ, ഗ്രാന്റോ ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയോ റഗുലർ ജീവനക്കാരൻ ഉണ്ടായിരിക്കരുത്. എന്നാൽ ഈ വ്യവസ്ഥ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പാർട്ട് ടൈം ജീവനക്കാർക്കോ താത്ക്കാലിക ജീവനക്കാർക്കോ ബാധകമല്ല.

2) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ ആദായ നികുതി നൽകുന്ന ഒരംഗവും ഉണ്ടായിരിക്കരുത്.

3) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്.

| | | |
|---|---|---|
| | | 4) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന്റെ മാസവരുമാനം എല്ലാവിധ സ്രോതസ്സിൽ നിന്നുമായി 25,000/- രൂപയിൽ കവിയരുത്.<br><br>**ഉദ്യോഗാർത്ഥിയുടെ കുടുംബം എന്നാൽ സംവരണം ആവശ്യപ്പെടുന്ന ആൾ , അയാളുടെ മാതാപിതാക്കൾ (Parents), അയാളുടെ ഭാര്യ/ഭർത്താവ്, 18 വയസ്സ് പൂർത്തിയാകാത്ത മക്കൾ / സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ്.**<br><br>വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസറുടെ പേരും ഒപ്പും തീയതിയും ഓഫീസ് സീലും ഉണ്ടായിരിക്കണം. |
| 11 | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.in വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ് സൈറ്റിന്റെ ഹോം പേജിലുള്ള "Apply Online" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിയ്ക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഈ തസ്തികയിലേയ്ക്ക് റിക്രൂട്ട്മെന്റ് ബോർഡിന് മുമ്പാകെ വിജയകരമായി സമർപ്പിക്കുന്ന അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതിനോ,<br>അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് ഘട്ടത്തിലായാലും,സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. പരീക്ഷാഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ മണി ഓർഡറായോ ചെല്ലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ ഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |

| | | |
|---|---|---|
| 12 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **09.11.2023** അർദ്ധരാത്രി 12 മണി വരെ |
| 13 | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | www.kdrb.kerala.gov.in |

**ഫോട്ടോ, ഐ.ഡി.കാർഡ് , ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

**പൊതുവ്യവസ്ഥയിലെ ഖണ്ഡിക 3 , 4 , 5 എന്നിവ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്